(ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ എന്നാണ് ആരംഭിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി എത്ര ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ഡി) ഇതുവരെ ശമ്പളയിനത്തിൽ എത്ര രൂപ ചെലവായി;

(ഇ) പദ്ധതിയുടെ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ജി) ഇതിന് എത്ര സംഖ്യ ചെലവാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(എച്ച്) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചാലിയാർ പദ്ധതിയുടെ പര്യവേഷണ റിപ്പോർട്ട് തയാറാക്കിവരികയാണ്.

(ബി) 1984-ൽ.

(സി) 1998 വരെ 120 ജീവനക്കാരെയും ഇപ്പോൾ 70 ജീവനക്കാരെയും ഇതിനായി നിയോഗിച്ചിട്ടുണ്ട്.

(ഡി) 3.04 കോടി രൂപ

(ഇ) 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം അടങ്കൽ തുക കണക്കാക്കലും വിശദമായ പര്യവേഷണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രോജക്ട് റിപ്പോർട്ട് തയാറാക്കലുമാണ് ഇപ്പോൾ നടന്നുവരുന്നത്.

(എഫ്) മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 22500 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം എത്തിക്കുകയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

(ജി) 1996-ലെ അനുസൂചിത നിരക്കനുസരിച്ച് 448 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(എച്ച്) പണി തുടങ്ങിയാൽ 8 വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

44 (2735) ശുദ്ധജല വിതരണത്തിന് നടപടി

ശ്രീ. കെ. ബാബു :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ശുദ്ധജല വിതരണത്തിന് കടുത്ത ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

45 (2736) കാരാപ്പുഴ, ബാണാസുരസാഗർ പദ്ധതികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഓരോ പദ്ധതി പ്രദേശങ്ങളിൽ എത്ര ഹെക്ടർ ഭൂമി വെള്ളത്തിനടിയിലാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ;

(സി) മേൽപ്പറഞ്ഞ ഓരോ പദ്ധതികൊണ്ടും എത്ര ഹെക്ടർ വീതം സ്ഥലത്ത് ജലസേചനം നടത്താനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) കാരാപ്പുഴ പൂർത്തിയാകുമ്പോൾ 855 ഹെക്ടർ ഭൂമിയും ബാണാസുരസാഗർ പൂർത്തിയാകുന്നപോൾ 801 ഹെക്ടർ ഭൂമിയും വെള്ളത്തിനടിയിലാകും.

(സി)&(ഡി) ഉണ്ട്. കാരാപ്പുഴ പദ്ധതി വഴി 5221 ഹെക്ടറും ബാണാസുരസാഗർ വഴി 2800 ഹെക്ടറും സ്ഥലത്ത് ജലസേചനം നടത്താനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

46 (2737) പുതുതായി കുഴിച്ച കുളങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1998-99 വർഷത്തിൽ മൈനർ ഇറിഗേഷൻ സ്കീം അനുസരിച്ച് പുതുതായി എത്ര കുളങ്ങൾ കുഴിച്ചു; എത്ര എണ്ണം പുനരുദ്ധരിച്ചു;

(ബി) ഇതിനായി എന്തുതുക വകകൊള്ളിച്ചിരുന്നു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly